8653
15/4/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം- ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. സി.വേലായുധന്റെ സസ്പെൻഷൻകാലം ക്രമവത്കരിച്ച് –ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം:821/2017/തസ്വഭവ — തീയതി, തിരുവനന്തപുരം, 22.03.2017

പരാമർശം : 1. പഞ്ചായത്ത് ഡയറക്ടറുടെ 7/3/2006 ലെ ഡി5-37150-05 നമ്പർ ഓഫീസ് നടപടിക്രമം

2. 17/7/2006 ലെ സ.ഉ.(സാധാ) 1674/2006 തസ്വഭവ നമ്പർ ഉത്തരവ്

3. പഞ്ചായത്ത് ഡയറക്ടറുടെ 29/12/2012 തീയതിയിലെ ഡി5-37150-05 നമ്പർ കത്ത്

**ഉത്തരവ്**

ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി. വേലായുധൻനായരെ പഞ്ചായത്ത് ഓഫീസിലെ നിർമ്മാണ പ്രവർത്തനങ്ങളിലും ഓഫീസ് ഫർണിച്ചർ വാങ്ങിയതിലും ക്രമക്കേടുകൾ കാട്ടി എന്ന ആരോപണത്തെ തുടർന്ന് പരാമർശം (1) പ്രകാരം സേവനത്തിൽനിന്ന് സസ്പെന്റ് ചെയ്യുകയും പരാമാർശം (2) പ്രകാരം സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറയ്ക്ക് സസ്പെൻഷൻകാലഘട്ടം റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച അന്വേഷണം പൂർത്തിയാകുന്നതിനുമുൻപ് ശ്രീ. വേലായുധൻ സേവനത്തിൽനിന്ന് വിരമിച്ചതിനാൽ വിജിലൻസ് വകുപ്പ് ടിയാനെ അച്ചടക്ക നടപടികളൊന്നും ശുപാർശ ചെയ്തിരുന്നില്ല. ഈ സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ കാലം റെഗുലറൈസ് ചെയ്യണമെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സി. വേലായുധൻനായരുടെ 07/03/2006 മുതൽ 16/07/2006 വരെയുള്ള സസ്പെൻഷൻകാലം ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി മറ്റെല്ലാകാര്യങ്ങൾക്കും ഡ്യൂട്ടിയായും 17/07/2006 മുതൽ 08/08/2006 വരെയുള്ള ഇടവേള, കെ.എസ്.ആർ. ഭാഗം I ചട്ടം 56B (9)ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം, പ്രവേശനകാലമായും അർഹതപ്പെട്ട അവധിയായും ക്രമീകരിച്ച് ഉത്തരവ് ഉത്തരവാകുന്നു. ഇതിന്മേൽ പഞ്ചായത്ത് ഡയറക്ടർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ് സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. സി. വേലായുധൻനായർ, മുൻ സെക്രട്ടറി, ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. 272/ഇപിബി2/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ